**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 582 | 01-12-2015-ൽ മറുപടിക്ക്

## നിക്ഷേപക സംഗമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ സംസ്ഥാനത്തെ വ്യവസായിക വളർച്ചയ്ക്കായി നിക്ഷേപക സംഗമങ്ങൾ ഉൾപ്പെടെ എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചെന്ന് വെളിപ്പെടുത്താമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, ബാംബു ഫെസ്റ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തി വരുന്നു.<br><br>സംസ്ഥാനത്തെ വ്യവസായ വികസനത്തിനും, നിക്ഷേപ സാധ്യതകളെ ഉയർത്തിക്കാട്ടുന്നതിനും, എമർജിങ് കേരള, യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ് മുതലായ പരിപാടികൾ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ വിദ്യാർത്ഥി / യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനും അവരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിലേയ്ക്കുമായി 2014 സെപ്റ്റംബർ 12-ാം തീയതി കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിന്റെ രണ്ടാം പതിപ്പായി യെസ് ക്യാൻ 2015 എന്ന പേരിൽ യുവസംരംഭകർക്കായി ഒരു സംഗമവും |

കെ.എസ്.ഐ.ഡി.സിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി രൂപം കൊടുത്തതാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശക പിന്തുണ, മീറ്റിങ്ങുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19ന് കൊച്ചിയിൽ വനിതസംരംഭകത്വ സമ്മേളനം (WE Summit 2015, WE CAN (Women Entrepreneurs Collaborating and Networking) എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഓരോ പരിപാടികളുടെയും സംഘാടനത്തിനും പ്രചാരണത്തിനുമായി ഇതിനകം എന്ത് തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) എമർജിങ്ങ് കേരള 2012 മായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങൾക്കായി 19.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

യുവ സംരംഭകത്വ സംഗമം 2014 സംഘടിപ്പിക്കുന്നതിന് നാളിതുവരെ 170.07 ലക്ഷം രൂപയും, യെസ് ക്യാൻ 2015ന്റെ നടത്തിപ്പിനായി 220.40 ലക്ഷം രൂപയും വിവിധയിനങ്ങളിൽ ചെലവായിട്ടുണ്ട്.

വി മിഷൻ 2015 ന്റെ നടത്തിപ്പിലേയ്ക്കായി നാളിതുവരെ 36.12 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. നവംബർ 19ന് നടത്തിയ WE Summit 2015ന്റെ കണക്കുകൾ തിട്ടപ്പെടുത്തി വരുന്നതേയുള്ളു.

(സി) പ്രസ്തുത പരിപാടികളിലൂടെ സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിൽ എത്ര രൂപയുടെ നിക്ഷേപം ശേഖരിച്ചെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത നിക്ഷേപം സ്വീകരിച്ച ഓരോ പദ്ധതികളുടെയും പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

(സി) & (ഡി) എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ

കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ 2014ൽ സംഘടിപ്പിച്ച യെസും, 2015ൽ സംഘടിപ്പിച്ച യെസ് ക്യാനും, വനിതാ സംരംഭത്വ സമ്മേളനവും നിക്ഷേപ സമാഹരണ സംഗമങ്ങൾ ആയിരുന്നില്ല.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം ബോധവത്ക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വത്ക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള, തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു.

സെക്ഷൻ ഓഫീസർ